ഈ മരണം ഞാൻ ഒട്ടുമേ  പ്രതീക്ഷിച്ചതല്ല,

ഇതെന്റെ ജഢം പോലുമല്ല,

സഹാറ കണക്കെ മണൽ സമ്പന്നമായിരുന്നെന്നുടൽ,

ഇന്ന് മരുന്നിലിടാൻ പോലും മണലെന്നിലില്ല!

പരൽമീനും, മലഞ്ഞിലും, പൂഴിയനും പരിഭവിച്ചെങ്ങോ പോയി,

എരുന്തും കണ്ണാംചൂട്ടിയും പുതിയ ലാവണങ്ങൾ തേടി!

മർത്ത്യന്റെ അത്യാർത്തിയെന്നെ വെറും അസ്ഥിപഞ്ചരമാക്കി,



കവികൾ പാടിപ്പുകഴ്ത്തിയിരുന്നെന്നുടൽ ഇന്ന് ചെളിക്കുണ്ടുകളായി,
അനവധി നേർച്ചകൾ, പച്ചിലേങ്ങിലെ വഅള് പരമ്പര,

പൈക്കാട്ടെ ആണിച്ചാൽ, വാരിയത്ത് മണയിലെ ചായപ്പീടികകൾ, കാല്പന്ത് കളികൾ, ചീട്ടു കളികൾ ....

അങ്ങനെ സംഭാവബഹുലമായിരുന്നെൻ നെഞ്ച്,

ഭീതിപ്പെടുത്തുന്ന ശവപ്പറമ്പായി മാറിയിന്ന്!

പുതുതലമുറക്കെന്റെ പ്രൌഢിയും സൌന്ദര്യവും,

മുത്തശ്ശിക്കഥകൾ മാത്രമായിന്ന്.

***എം.പി.എ. റസാക്ക്***